# പതിമൂന്നാം കേരള നിയമസഭ
## പന്ത്രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം.210      09.12.2014-ൽ മറുപടിക്ക്

**ചോദ്യം**      **ഉത്തരം**

ഡോ.കെ.ടി. ജലീൽ
ശ്രീ. കോടിയേരി ബാലകൃഷ്ണൻ
ശ്രീ. സി.രവീന്ദ്രനാഥ്
ശ്രീ. കെ. ദാസൻ

**ശ്രീ.കെ.എം.മാണി**
ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പു മന്ത്രി

### പ്രതിമാസ റവന്യൂ കമ്മി

| | | |
|---|---|---|
| (എ) | നിലവിൽ സംസ്ഥാനത്തെ പ്രതിമാസ റവന്യൂ കമ്മി പരിശോധിച്ചിട്ടുണ്ടോ; | സംസ്ഥാനത്തെ പ്രതിമാസ റവന്യൂ കമ്മി വിലയിരുത്താറുണ്ട്. |
| (ബി) | ബഡ്ജറ്റിൽ പ്രതീക്ഷിച്ചിരുന്നതിലും ഉയർന്ന തോതിൽ റവന്യൂ കമ്മി വർദ്ധിക്കുമെന്ന അഭിപ്രായം വിലയിരുത്തിയിട്ടുണ്ടോ; | സംസ്ഥാന സമ്പദ് വ്യവസ്ഥയെ പൊതുവിൽ ബാധിച്ചിട്ടുള്ള മാന്ദ്യത്തിന്റെ പശ്ചാത്തലത്തിൽ മൊത്തം ആഭ്യന്തര ഉപഭോഗത്തിൽ ഉണ്ടായ കുറവ് സംസ്ഥാന റവന്യൂ വരുമാന വളർച്ചയെ പ്രതികൂലമായി ബാധിച്ചിട്ടുണ്ട്. അവശ്യസാധനങ്ങൾ, മരുന്നുകൾ എന്നിവയ്ക്ക് ഏർപ്പെടുത്തിയ നികുതിയിളവുകൾ, സ്റ്റാമ്പ് ഡ്യൂട്ടിയിൽ വരുത്തിയിരുന്ന ഇളവ്, ഭൂമി ക്രയവിക്രയത്തിലുണ്ടായ ഇടിവ്, മദ്യവിൽപനയിലുണ്ടായ കുറവ്, വാഹന വിൽപ്പനമേഖലയിലെ മാന്ദ്യം, കാർഷിക നാണ്യ വിളകളുടെ വിലയിടിവ് എന്നിവയും റവന്യൂ വരുമാന വളർച്ചാ നിരക്കിൽ കുറവു വരുന്നതിന് കാരണമായിട്ടുണ്ട്. കൂടാതെ കേന്ദ്രനികുതി വിഹിതത്തിലും കേന്ദ്ര ധന സഹായത്തിലും പ്രതീക്ഷിച്ച തോതിലുള്ള വരവ് ലഭിക്കാത്തതും ശമ്പളം, പെൻഷൻ, പലിശ എന്നീ ചെലവിനങ്ങളിലുണ്ടായ വർദ്ധനവ്, സാമൂഹ്യ സുരക്ഷാ പദ്ധതികൾ വികസന പദ്ധതികൾ എന്നീ മേഖലകളിൽ കൂടുതൽ തുക അനുവദിച്ചതു മൂലമുണ്ടായ അധിക ചെലവ് എന്നിവയുടെ ഫലമായി റവന്യൂ ചെലവിലുണ്ടായ വർദ്ധനവും പ്രതീക്ഷിച്ചതിനേക്കാൾ ഉയർന്ന തോതിലുള്ള റവന്യൂ കമ്മിക്ക് ഇടയാക്കുമെന്ന് വിലയിരുത്തപ്പെടുന്നു. |
| (സി) | റവന്യൂകമ്മി വർദ്ധിക്കാനുണ്ടായ കാരണങ്ങൾ പരിശോധിച്ചിട്ടുണ്ടോ; | |

| | | |
|---|---|---|
| (ഡി) | ക്രമാതീതമായി വർദ്ധിക്കുന്ന **കമ്മി** വികസന പ്രവർത്തന ങ്ങളെയടക്കം ഏതെല്ലാം രീതി യിൽ പ്രതികൂലമായി ബാധിക്കു മെന്ന് അവലോകനം നടത്തിയി ട്ടുണ്ടോ; | റവന്യൂ വരുമാനത്തിലുണ്ടാകുന്ന വളർച്ച മുരടിപ്പ് വികസന പ്രവർത്തനങ്ങളെ പ്രതി കൂലമായി ബാധിക്കാതിരിക്കാൻ അധിക വിഭവ സമാഹരണ മാർഗ്ഗങ്ങൾ അവലം ബിച്ചിട്ടുണ്ട്. നിലവിലുള്ള നികുതി/നികു തിയേതര കുടിശ്ശികകൾ പിരിച്ചെടുക്കുന്ന തിനുള്ള ഊർജ്ജിത നടപടികൾ സ്വീകരി ച്ചുകൊണ്ടും നികുതി പിരിവ് കാര്യക്ഷമ മാക്കിയും നികുതി ചോർച്ച തടയുന്നതി നുള്ള കർശന നടപടികൾ സ്വീകരിച്ചും, നികുതിയേതര നിരക്കുകൾ കാലോചിത മായി പരിഷ്ക്കരിച്ചുമാണ് വികസന പ്രവർത്തനങ്ങൾക്കുള്ള ചെലവുകൾ തടസ്സം കൂടാതെ നിർവ്വഹിക്കുന്നതിനുള്ള തുകകൾ കണ്ടെത്താൻ ഉദ്ദേശിക്കുന്നത്. |
| (ഇ) | പൊതു വിപണിയിൽ നിന്നും കട മെടുക്കുന്ന പണം എന്തെല്ലാം കാര്യങ്ങൾക്ക് സാധാരണയായി ഉപയോഗിച്ചു കൂടെന്ന് നിഷ്കർഷിച്ചിട്ടുള്ളത്; ദൈനംദിന ചെലവിന് കടമെടുത്ത തുക വിനിയോഗിച്ചിട്ടുണ്ടോയെന്ന് വിശദമാക്കുമോ? | പൊതു വിപണിയിൽ നിന്ന് കടമെടു ക്കുന്ന പണം വികസന പ്രവർത്തന ങ്ങൾക്കും അതിനോടനുബന്ധമായ ദൈനംദിന പ്രവർത്തനങ്ങൾക്കുമാണ് വിനിയോഗിക്കുന്നത്. |

സെക്ഷൻ ഓഫീസർ